(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഗാർഹിക ഉപഭോക്താക്കളുടെ കണക്ഷൻ നൽകുവാനുള്ളത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

സെക്ഷൻ	ഓവർഹെഡ്	വെതർപ്രൂഫ്
1. നെടുമങ്ങാട്	1/1999 മുതൽ	9/2001 മുതൽ
2. വെള്ളനാട്	2/1999 മുതൽ	8/2001 മുതൽ
3. കന്യാകുളങ്ങര	6/1999 മുതൽ	1/2002 മുതൽ
4. നാലാഞ്ചിറ	17-9-1999 മുതൽ	31-7-2001 മുതൽ
5. പേരൂർക്കട	31-12-2000 മുതൽ	1-1-2002 മുതൽ

(ബി&സി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി സാധനസാമഗ്രികൾ കഴിയുന്നത്ര കൂടുതലായി ലഭ്യമാക്കുന്നുണ്ട്.

പാപ്പനംകോട് കെ. എസ്. ഇ. ബി. യിൽ ബില്ലിംഗ് യൂണിറ്റ് ആരംഭിക്കാൻ നടപടി

18 (1688) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉപഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് നേമം നിയോജക മണ്ഡലത്തിലെ പാപ്പനംകോട് കെ.എസ്.ഇ.ബി.യിൽ ബില്ലിംഗ് യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ ബില്ലിംഗ് യൂണിറ്റുകൾ നിലവിലില്ല.

ജലനിരക്ക് വർദ്ധന സംബന്ധിച്ച നിർദ്ദേശങ്ങൾ

19 (1694) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യമേഖലയ്ക്ക് നൽകുന്ന വെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള വാട്ടർ അതോറിറ്റിയും ആസൂത്രണ ബോർഡും വെള്ളത്തിന്റെ നിരക്ക് സംബന്ധിച്ച് സർക്കാരിന് ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഡി) നിരക്കുകൾ വർദ്ധിപ്പിച്ച് വാട്ടർ അതോറിറ്റിയെ എത്രശതമാനം ലാഭത്തിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) വാട്ടർ അതോറിറ്റിയേയും ജലനിരക്ക് വർദ്ധനയേയും സംബന്ധിച്ച് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) 1-4-2000 മുതൽ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും കുടിവെള്ള നിരക്കുകളിൽ 30% വർദ്ധനവ് വരുത്തുവാൻ കേരള വാട്ടർ അതോറിറ്റി ഒരു നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

ആസൂത്രണബോർഡിൽ നിന്നും ഇക്കാര്യത്തിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ഡി) വാട്ടർ അതോറിട്ടി നിർദ്ദേശിച്ചിരിക്കുന്ന 30% വർദ്ധനവുപോലും അതിനെ ലാഭത്തിലാക്കാൻ സാധിക്കുന്നതല്ല.

(ഇ) ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ജലവിഭവ വകുപ്പിന് ലഭിച്ചിട്ടില്ല.

ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നടത്തിപ്പ്

20 (1695) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ പ്രവർത്തനങ്ങളെ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇതിൽ വേൾഡ് ബാങ്കിന്റെ വായ്പാ സഹായം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly